മലയാള മനോരമ
ESTABLISHED 1888

**29 April 2017**

# ഇതര സംസ്ഥാനങ്ങളിൽനിന്നു വരവു കൂടി; സംസ്ഥാനത്ത് മത്സ്യവിലയിൽ ഇടിവ്



## ● പഠനം നടത്തിയത് സിഎംഎഫ്ആർഐ

**കൊച്ചി** ● അരിയും പച്ചക്കറിയും പോലെ അതിർത്തിക്കപ്പുറത്തു നിന്നു മത്സ്യവും എത്താൻ തുടങ്ങിയതോടെ സംസ്ഥാനത്തു മത്സ്യവിലയിൽ ഇടിവുണ്ടായതായി കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ കേന്ദ്രത്തിന്റെ (സിഎംഎഫ്ആർഐ) കണ്ടെത്തൽ. സംസ്ഥാനത്തെ മത്സ്യ ആവശ്യത്തിന്റെ 40% നിറവേറ്റുന്നത് ഇതര സംസ്ഥാനങ്ങളിൽനിന്നെത്തുന്നമത്സ്യമാണ്. ആഭ്യന്തര മത്സ്യ ലഭ്യതയും ആവശ്യക്കാരുടെ എണ്ണവും തമ്മിലുള്ള അന്തരം ഏറെ വർധിച്ചതായും പഠനത്തിലുണ്ട്. 2035 ആകുമ്പോഴേക്കും 50% മത്സ്യവും ഇതര സംസ്ഥാനത്തു നിന്ന് എത്തേണ്ട സ്ഥിതിയിലേക്ക് കേരളമെത്തുമെന്നും ചൂണ്ടിക്കാണിക്കപ്പെടുന്നു. സിഎംഎഫ്ആർഐയിലെ സാമൂഹിക-സാമ്പത്തിക അവലോകന വിഭാഗത്തിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ശ്യാം എസ്. സലിമിന്റെ നേതൃത്വത്തിൽ നടന്ന പഠനത്തിലെ കണ്ടെത്തലുകൾ ഇവയാണ്.

● 2016ൽ മുൻവർഷത്തെ അപേക്ഷിച്ച് 15-20% വരെ വിലയിൽ കുറവുണ്ടായി. 2014നെ അപേക്ഷിച്ച് 2015ൽ വിലയിൽ 35% വർധന രേഖപ്പെടുത്തിയിരുന്നു. ഈ കണക്കുകളിലെ താരതമ്യമാണു മത്സ്യവിലയിലുണ്ടായ അന്തരം വെളിവാക്കുന്നത്.

● കടലിൽ നിന്നുള്ള ലഭ്യത കുറഞ്ഞ മത്സ്യങ്ങളുടെ വിലയും താണു. അയലയ്ക്ക് 30.6% വരെ വില താണു.

● മലയാളികളുടെ ഇഷ്ട മത്സ്യങ്ങളായ മത്തി, അയല, കൊഴുവ, ശീലാവ്, കിളിമീൻ എന്നിവയുടെ വില 20.7% കുറഞ്ഞു.

● ആഭ്യന്തര മത്സ്യ ലഭ്യത ആവശ്യത്തിലും കുറവായിട്ടും മത്സ്യവില വർധിക്കാത്തതിനു കാരണം ഇതര സംസ്ഥാനങ്ങളിൽ നിന്നുള്ള മത്സ്യവരവ്.

● സംസ്ഥാനത്തെ ഉപഭോഗത്തിന്റെ 60% മാത്രമാണ് ഇവിടെ നിന്നു ലഭിക്കുന്നത്. ബാക്കി കർണാടക, തമിഴ്നാട്, ഗോവ, ആന്ധ്ര, ഗുജറാത്ത്, മഹാരാഷ്ട്ര, ഒഡീഷ എന്നിവിടങ്ങളിൽ നിന്നെത്തുന്നു.

● ദിവസം ശരാശരി 2000 മുതൽ 2500 ടൺ വരെയാണ് കേരളത്തിലെ മത്സ്യ ഉപഭോഗം. ഇതിൽ 1000-1200 ടൺ ഇതര സംസ്ഥാനങ്ങളിൽ നിന്നെത്തുന്നു.

● 23 തരം മത്സ്യയിനങ്ങൾ ഇതര സംസ്ഥാനങ്ങളിൽ നിന്നുവരുന്നു. അയൽ സംസ്ഥാനങ്ങളിൽ നിന്ന് ഏറ്റവും കൂടുതൽ എത്തുന്നത് കേരളീയരുടെ പ്രിയമത്സ്യമായ മത്തിയാണ്, 37.4%.